## പതിന്നാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 1229 10/08/2017 ൽ മറുപടിയ്ക്ക്

# റീ-സർവ്വേ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മുഹമ്മദ് മുഹസിൻ.പി | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) റീ-സർവ്വേ പൂർത്തിയാക്കാത്ത വില്ലേജുകളിൽ അടിസ്ഥാന രേഖകളായ സെറ്റിൽമെന്റ് രജിസ്റ്റർ, ബി.റ്റി.ആർ, ഫീൽഡ് മെഷർമെന്റ് ബുക്ക്, ലിത്തോ പ്ലാൻ എന്നിവ ലഭ്യമല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) റീ-സർവ്വേ പൂർത്തിയാക്കാത്ത ചില വില്ലേജുകളിൽ അടിസ്ഥാന രേഖകളായ സെറ്റിൽമെന്റ് രജിസ്റ്റർ, ബി.റ്റി.ആർ, ഫീൽഡ് മെഷർമെന്റ് ബുക്ക്, ലിത്തോ പ്ലാൻ എന്നിവ ഭാഗികമായി ലഭ്യമല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റീസർവ്വേ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ടി റിക്കാർഡുകൾ നാളതീകരിക്കപ്പെടുന്നതാണ്. |
| (ബി) സാധാരണ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഈ രേഖകളുടെ പകർപ്പുകൾ വില്ലേജ് ഓഫീസുകളിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ബി) ചില രേഖകൾ നിലവിൽ വില്ലേജ് ഓഫീസുകളിൽ ലഭ്യമാണ്. മറ്റ് ഓഫീസുകളായ താലൂക്ക്, കളക്ടറേറ്റ്, സർവ്വേ ആഫീസുകളിൽ നിന്നും ലഭ്യമായ രേഖകളുടെ പകർപ്പുകൾ ബന്ധപ്പെട്ടവർ ആവശ്യപ്പെടുന്ന മുറയ്ക്ക് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ